

ആരാമസുന്ദരിയുടെ
കാന്തി കാക്കാൻ

പൂച്ച;
നല്ല പൂച്ച

ESTABLISHED 1888
മലയാള മനോരമയുടെ
കാർഷിക മാസിക
വില: 12രൂപ

# കർഷകശ്രീ

2009 ഏപ്രിൽ




# തുള്ളിനനയിൽ നൂറുമേനി



*ജെയിൻ ഹിൽസിൽ തുള്ളിനന സംവിധാനം വഴി നനയ്ക്കുന്ന മാന്തോപ്പ്*

# നൂറുമേനി, ഓരോ തുള്ളിക്കും

ടി. കെ. സുനിൽ കുമാർ

> തണ്ണീർതട വികസനത്തിലൂടെയും മഴവെള്ള സംഭരണത്തിലൂടെയും ജല സ്രോതസ്സുകളുണ്ടാക്കിയെടുത്ത് തുള്ളി നന(ഡ്രിപ്), തളി നന(സ്പ്രിങ്ഗ്ലർ) തുടങ്ങിയ സൂക്ഷ്മ സംവിധാനങ്ങൾ ഉപയോഗപ്പെടുത്തി ഓരോ തുള്ളി വെള്ളവും കാര്യക്ഷമമായി വിനിയോഗിച്ചാണ് പഴം-പച്ചക്കറിക്കൃഷിയും കാർഷിക വനവൽക്കരണവും സമ്മേളിക്കുന്ന ജെയിൻഹിൽസിന്റെ സൃഷ്ടി

**ഓ**രോ തുള്ളിക്കും അധികവിളവ്(More crop per drop). ഇതു ജെയിൻ ഇറിഗേഷൻ സിസ്റ്റംസിന്റെ അടയാളവാക്യം. ഇതു വെറും അവകാശവാദമല്ല, സത്യമാണെന്നു കാട്ടിത്തരികയാണ് വരണ്ടുണങ്ങിയ കുന്നിൻമുകളിൽ സൃഷ്ടിച്ച പച്ചപ്പിന്റെ പറുദീസ. രാജ്യമെമ്പാടുമുള്ള കർഷകർക്കു തീർത്ഥാടന കേന്ദ്രമാണ് മഹാരാഷ്ട്രയിലെ ജൽഗാവിൽ ജെയിൻഗ്രൂപ്പ് പടുത്തുയർത്തിയ ജെയിൻ ഹിൽസ്. മണ്ണു-ജല സംരക്ഷണവും ജലസേചന സംവിധാനങ്ങളും മുതൽ ജൈവകൃഷിയും ഭക്ഷ്യസംസ്കരണവും വരെയുള്ള വിഷയങ്ങളിൽ കണ്ടും കേട്ടും അനുഭവിച്ചും അറിവും പരിശീലനവും നേടാൻ വർഷംതോറും ഇരുപതിനായിരത്തിൽ പരം കർഷകരാണ് ജെയിൻഹിൽസിലെത്തുന്നത്.


തണ്ണീർതട വികസനത്തിലൂടെയും മഴവെള്ള സംഭരണത്തിലൂടെയും ജല സ്രോതസ്സുകളുണ്ടാക്കിയെടുത്ത് തുള്ളി നന(ഡ്രിപ്), തളിനന(സ്പ്രിങ്ഗ്ലർ) തുടങ്ങിയ സൂക്ഷ്മ സംവിധാനങ്ങൾ ഉപയോഗപ്പെടുത്തി ഓരോ തുള്ളി വെള്ളവും കാര്യക്ഷമമായി വിനിയോഗിച്ചാണ് പഴം-പച്ചക്കറിക്കൃഷിയും കാർഷിക വനവൽക്കരണവും സമ്മേളിക്കുന്ന ജെയിൻഹിൽസിന്റെ സൃഷ്ടി. പഴം-പച്ചക്കറി-വൃക്ഷത്തോട്ടങ്ങൾ, പരീക്ഷണ-പ്രദർശന കൃഷിയിടങ്ങൾ എന്നിവയ്ക്കു പുറമേ പഠന-പരിശീലന കേന്ദ്രമായ ജെയിൻ ഹൈടെക് ഇൻസ്റ്റിറ്റ്യൂട്ട്, ടിഷ്യുകൾച്ചർ തൈ ഉൽപാദന കേന്ദ്രം, ഭക്ഷ്യസംസ്കരണ ശാലകൾ, ജലസേചന സംവിധാനങ്ങളും പൈപ്പുകളും ഫിറ്റിങ്ങുകളും നിർമ്മിക്കുന്ന പ്ലാസ്റ്റിക് പാർക്ക്, ഗവേഷണ വികസന കേന്ദ്രം, സൗരോർജ പാർക്ക് എന്നിവയ്ക്കൊപ്പം ജെയിൻഗ്രൂപ്പിന്റെ ആസ്ഥാന മന്ദിരവുമടങ്ങിയതാണ് ആയിരത്തോളം ഏക്കറിൽ പരന്നുകിടക്കുന്ന ജെയിൻ ഹിൽസ് സമുച്ചയം.

അജന്താമലനിരകളുടെ വടക്കുപടിഞ്ഞാറൻ മേഖലയിലുള്ള ഷിർസോളി മലമ്പ്രദേശത്തിന്റെ ഭാഗമാണ് ജെയിൻ കുന്നുകൾ. 5ഡിഗ്രി സെൽഷ്യസ് മുതൽ 46 ഡിഗ്രി സെൽഷ്യസു വരെ ഊഷ്മാവു മാറിമറിയുന്ന, പ്രതിവർഷം വെറും 650മി.മീ. മഴ കിട്ടുന്ന, ഈർപ്പനില തീരെക്കുറഞ്ഞ ഈ കുന്നിൻപുറത്ത് കൃത്യമായ ആസൂത്രണത്തിലൂടെയും വർഷങ്ങൾ നീണ്ട അധ്വാനത്തിലൂടെയുമാണ് പച്ചപ്പിന്റെ സ്വർഗം പിറന്നത്.

കുന്നിൻപുറം നിരപ്പാക്കിയും താഴ്വരകൾ ചരിവനുസരിച്ചു തട്ടുതട്ടുകളാക്കിയും



*തുള്ളിനന (ഡ്രിപ്) യ്ക്കുള്ള കുഴലുകളിടുന്നു*



*ജെയിൻ കുന്നുകളുടെ ആദിരൂപം*

മഴക്കുഴികളുണ്ടാക്കിയും മണ്ണു-ജല സംരക്ഷണം ഉറപ്പാക്കുകയും മഴവെള്ളത്തെ മണ്ണിലിറക്കുകയുമാണ് ആദ്യം ചെയ്തത്. 1989ൽ സംരംഭം തുടങ്ങുന്ന വേളയിൽ സ്ഥലത്തുണ്ടായിരുന്ന കിണറ്റിൽ നിന്നു ഒരു ദിവസം കിട്ടിയിരുന്നത് 200-400ലിറ്റർ വെള്ളമായിരുന്നു. പിന്നീടു വികസിപ്പിച്ചെടുത്ത ജലസംഭരണിയിൽ വേനൽക്കാലത്തു പോലും ഇപ്പോൾ ദിനംപ്രതി 15ലക്ഷം ലിറ്റർ വെള്ളം ലഭിക്കുന്നു. ഇത് 20ലക്ഷം ലിറ്റർ വരെ ഉയരാം.

ജൽഗാവിൽ പരമ്പരാഗതമായി കൃഷി ചെയ്യുന്ന വിളകളിൽ നിന്നു വ്യത്യസ്തമായി പഴവർഗങ്ങളും വൃക്ഷവിളകളുമാണ് ജെയിൻകുന്നുകളിൽ നട്ടത്. കുന്നിൻെറ മുകൾപരപ്പിൽ മാവിൻെറ ഗ്രാഫ്റ്റു തൈകളും മലയോരങ്ങളിലെ തട്ടുകളിൽ മണ്ണൊലിപ്പു തടയുകയും വെള്ളത്തെ തടഞ്ഞു മണ്ണിലിറക്കുകയും ചെയ്യുന്ന വിധത്തിൽ പുളി, പേര, മാതളനാരകം തുടങ്ങിയവയും ഔഷധസസ്യ-വൃക്ഷങ്ങളും നട്ടുപിടിപ്പിച്ചു. തേക്ക്, മാഞ്ചിയം തുടങ്ങിയവയുൾപ്പെടെ 72000 മരങ്ങളാണ് ഇന്നു ജെയിൻകുന്നുകളിൽ വളരുന്നത്. ഇവയെല്ലാം നനയ്ക്കാൻ തുള്ളി നന(ഡ്രിപ്), തളിനന(സ്പ്രിങ്ക്ളർ) തുടങ്ങിയ സൂക്ഷ്മ നന സംവിധാനങ്ങളും സ്ഥാപിച്ചിരിക്കുന്നു. വളപ്രയോഗ(ഫെർട്ടിഗേഷൻ)വും ഈ സംവിധാനങ്ങൾ വഴിയാണ്.

ജൈവവളങ്ങൾ നല്ല അളവിൽ ഉപയോഗിച്ചു കൊണ്ടാണ് മണ്ണിനെ നന്നാക്കിയെടുക്കാനുള്ള ശ്രമം. മാവിൻതോട്ടങ്ങളിൽ എല്ലാ വർഷവും ഡെയിഞ്ച വളർത്തി മണ്ണിൽ ഉഴുതു ചേർക്കുന്നു. ഡെയിഞ്ച വളർത്തുന്നതിനാൽ കളവളർച്ച കുറയുമെന്ന മെച്ചവുമുണ്ട്. മണ്ണിരക്കമ്പോസ്റ്റും ഇവിടെ സുലഭം. കൃഷിയിടങ്ങളിലെ വിളാവശിഷ്ടങ്ങൾ, ഭക്ഷ്യസംസ്കരണശാലയിലെ അവശിഷ്ടങ്ങൾ തുടങ്ങി ജെയിൻ ഹിൽസ് സമുച്ചയത്തിലെ സകല ജൈവാവശിഷ്ടങ്ങളും ഇവിടെത്തന്നെ മണ്ണിരക്കമ്പോസ്റ്റാക്കി മാറ്റുകയാണ്. അതുകൊണ്ടു തന്നെ പൂർണമായും മാലിന്യരഹിതമാണ് ഇത്രയും സ്ഥാപനങ്ങൾ പ്രവർത്തിക്കുന്ന ജെയിൻ ഹിൽസ് കാമ്പസ്.



*ജെയിൻ ഹിൽസ് സമുച്ചയം*

കൂടുതൽ വിവരങ്ങൾക്ക്:

S. Mohan,
Vice President(Marketing),
Jain Irrigation Systems Ltd,
Jain Plastic Park, N H No. 6,
P.O. Box 72, Jalgaon 425 001
Phone: 0257 2258011:
Mobile: 09403080155

ഡോ. എസ്. നാരായണൻ
മൊബൈൽ: 09443316061

ഡോ. പി. സോമൻ
മൊബൈൽ: 09443315947



# സൂക്ഷ്മ ജലസേചനത്തിൻെറ വിജയഗാഥ

*ജെയിൻ ഇറിഗേഷൻ സിസ്റ്റം സ്ഥാപകൻ ഭവർലാൽ ഹിരലാൽ ജെയിൻ*

ഇന്ത്യയിൽ സൂക്ഷ്മനന സംവിധാനം ഏർപ്പെടുത്തിയിട്ടുള്ള നാൽപതുലക്ഷം ഏക്കർ കൃഷിഭൂമിയിൽ പകുതിയിലും വെള്ളമൊഴുകുന്നതു ജെയിൻ ഇറിഗേഷൻ സിസ്റ്റത്തിൻെറ കുഴലുകളിലൂടെയാണ്. മൈക്രോ ഇറിഗേഷൻ സംവിധാനങ്ങളുടെ നിർമ്മാണത്തിൽ ജെയിനിനു മുന്നിൽ ലോകത്തു തന്നെ ഒറ്റ സ്ഥാപനമേയുള്ളൂ. ഇസ്രയേലിലെ നേറ്റാഫിം. എന്നാൽ ഇവയൊന്നും ഭവർലാൽ ഹിരലാൽ ജെയിനെന്ന എഴുപത്തിയൊന്നുകാരനെ സംതൃപ്തനാക്കുന്നില്ല.

''നോക്കൂ, ഇന്ത്യയിലെ മുപ്പതു കോടി ഏക്കറോളം വരുന്ന കൃഷിഭൂമിയിൽ കഷ്ടിച്ചു പകുതിയിടത്തു മാത്രമാണു ജലസേചന സൗകര്യമുള്ളത്. ബാക്കിയുള്ളിടത്തു മഴയുടെ കനിവിലാണു കൃഷിയും കർഷകൻെറ ജീവിതവും. വെള്ളത്തിൻെറ ലഭ്യതയ്ക്കനുസരിച്ച കൃഷി എന്ന നിലയിൽ നിന്നു കൃഷിയുടെ ആവശ്യത്തിന് അനുസരിച്ചു വെള്ളം എന്ന അവസ്ഥയിലേക്ക് അവരെ ഉയർത്തണം. അതാണ് എൻെറ സ്വപ്നം.''

**മൈക്രോ ഇറിഗേഷൻ സംവിധാനങ്ങളുടെ നിർമ്മാണത്തിൽ ജെയിനിനു മുന്നിൽ ലോകത്തു തന്നെ ഒറ്റ സ്ഥാപനമേയുള്ളൂ. ഇസ്രയേലിലെ നേറ്റാഫിം**

ജനസംഖ്യയിൽ 70%വരുന്ന കർഷകരിലാണ് ഇന്ത്യയുടെ ഭാവിയെന്ന് യൗവനത്തിലേ തിരിച്ചറിഞ്ഞിരുന്നു ഭവർലാൽ. വാണിജ്യശാസ്ത്രത്തിലും നിയമത്തിലും ബിരുദമെടുത്ത ശേഷം ബിസിനസ്സിലേക്കിറങ്ങിയപ്പോൾ കൃഷിയുമായി ബന്ധപ്പെട്ട സംരംഭം തിരഞ്ഞെടുത്തതിനു കാരണവും മറ്റൊന്നല്ല. ഒരു കൂട്ടം കർഷകരെ സംഘടിപ്പിച്ച് അദ്ദേഹം പപ്പായ കൃഷി ചെയ്യിപ്പിച്ചു. അവരിൽ നിന്നു നിശ്ചിത വിലയ്ക്ക് പപ്പായക്കറയും പപ്പായയും വാങ്ങി. പപ്പായക്കറയിൽ നിന്നു പപ്പെയ്ൻ എടുത്ത് കയറ്റുമതി ചെയ്തു. പപ്പായ ഉപയോഗിച്ചു കാൻഡിയുണ്ടാക്കി വിപണിയിലിറക്കി. ഇന്ന് എല്ലാവരും കൊട്ടിഘോഷിക്കുന്ന കരാർ കൃഷി സമ്പ്രദായം ഭവർലാൽ ജെയിൻ വിജയകരമായി നടപ്പാക്കിയത് 1978ൽ. മഹാരാഷ്ട്രയിലും മധ്യപ്രദേശിലും ഗുജറാത്തിലുമായി 2500ൽപരം കർഷകരാണ്



## കർഷകൻെറ സമയം തെളിയുന്നു!

വരാനിരിക്കുന്നതു കർഷകൻെറ നാളുകളാണ്. ആസന്നമായി ഭക്ഷ്യപ്രതിസന്ധി ഇന്ത്യൻ കർഷകനു മുന്നിൽ അവസരങ്ങളുടെ അനവധി വാതിലുകൾ തുറക്കും, സംശയമില്ല.' ജെയിൻഗ്രൂപ്പ് സാരഥി ഭവർലാൽ ഹിരലാൽ ജെയിനിൻേറതാണ് പ്രവചന സ്വഭാവമുള്ള ഈ വാക്കുകൾ. സമൂഹം മാത്രമല്ല, സർക്കാരുകളും കർഷകൻെറയും കൃഷിയുടെയും പ്രാധാന്യം തിരിച്ചറിഞ്ഞു തുടങ്ങിയെന്നു ഭവർലാൽ ജെയിൻ. ഹരിത വിപ്ലവകാലത്തു മാത്രമാണ് കേന്ദ്ര സർക്കാർ കൃഷിക്കു ബഡ്ജറ്റിൽ നല്ലൊരു പങ്കു നൽകിയത്. ആകെ തുകയുടെ 20%. മറ്റു ബഡ്ജറ്റുകളിലൊക്കെ കൃഷിക്കുള്ള പങ്കു നാമമാത്രമായിരുന്നു. എന്നാൽ ആ സമീപനത്തിൽ മാറ്റം വരുന്നുവെന്നാണ് കഴിഞ്ഞ ബജറ്റിലെ സൂചന. സമീപനം മാറാതെ പറ്റില്ല. കാരണം നമ്മുടെ ജനസംഖ്യയിൽ 70 ശതമാനവും കർഷകരാണ്. രാജ്യം കൃഷിയിൽ തിളങ്ങിയില്ലെങ്കിൽ മറ്റേതു രംഗത്തു തിളങ്ങിയിട്ടും കാര്യമില്ല. അതു നിലനിൽക്കില്ല.

*?. വ്യവസായവും മറ്റു രംഗങ്ങളും ശ്രദ്ധിക്കേണ്ടെന്നാണോ*

• അങ്ങനെയല്ല, ഇന്ത്യയുടെ സമ്പദ് വ്യവസ്ഥയുടെ നട്ടെല്ല് കൃഷിയാണ്. ഇങ്ങനെയൊരു രാജ്യത്ത് കൃഷിയും വ്യവസായവും പരസ്പരം പോഷിപ്പിക്കുന്ന വിധത്തിലാകണം. കാർഷികോൽപന്നങ്ങൾ അടിസ്ഥാനമായുള്ള ഭക്ഷ്യസംസ്കരണ വ്യവസായങ്ങളുണ്ടാകണം. ഉൽപന്ന സംസ്കരണവും മൂല്യവർധനയും കാർഷികോൽപന്നങ്ങൾക്കു കൂടുതൽ വില കിട്ടാനിടയാക്കും.

*?.ചില കർഷക പ്രസ്ഥാനങ്ങൾ ഈ രംഗത്തിറങ്ങിയെങ്കിലും പരാജയമായല്ലോ.*

• എന്തിനാണു കർഷകർ വ്യവസായത്തിലിറങ്ങുന്നത്. അവർക്കറിയാവുന്നതു കൃഷിയല്ലേ. അവർ അതു നന്നായി ചെയ്യട്ടെ. വ്യവസായം നടത്താൻ അറിവും കഴിവുമുള്ളവർ അതു ചെയ്യട്ടെ. ഭക്ഷ്യവ്യവസായം നല്ല സൂക്ഷ്മതയും വൈദഗ്ധ്യവും ആവശ്യപ്പെടുന്നതാണ്. ഗുണമേന്മയിലും മറ്റും ഒരു വിട്ടുവീഴ്ചയും അനുവദിക്കാനാവില്ല. രാജ്യാന്തര കുത്തകകളോടാണ് ഈ രംഗത്തു മത്സരിക്കേണ്ടി വരികയെന്നതും ഈ രംഗത്തു കർഷകമുന്നേറ്റം വിഷമകരമാക്കുന്നു. എന്നാൽ സഹകരണ പ്രസ്ഥാനങ്ങൾക്കു പലതും ചെയ്യാൻ കഴിയും.

*?. ഇന്ത്യൻ കർഷകർ നേരിടുന്ന പ്രശ്നങ്ങളെ താങ്കൾ എങ്ങനെ വിലയിരുത്തുന്നു.*

• മുടക്കാൻ പണമില്ലാത്തതു തന്നെ പ്രധാനപ്രശ്നം. ഇന്ത്യയിലെ പകുതിയിലേറെ കർഷകർക്കും ഇന്നും ആശ്രയം വട്ടിപ്പണക്കാരാണ്. അവർ അന്യായ പലിശ ഈടാക്കുന്നതിനാൽ കർഷകൻ എന്നും കടക്കാരനായി തുടരും. പൊതുമേഖലാ ബാങ്കുകൾ യഥാർഥ കർഷകനു നേരേ മുഖം തിരിക്കുന്നു. സർക്കാർ ആനുകൂല്യങ്ങളും യഥാർത്ഥ കർഷകരിലെത്തുന്നില്ല. മണ്ണിൻെറ മേന്മ നഷ്ടമായതും ജലദൗർലഭ്യവുമാണു ഇനിയുള്ള പ്രശ്നങ്ങൾ. പുതിയ സാങ്കേതിക വിദ്യകളോടു കർഷകർക്കുള്ള വിമുഖതയാണു മറ്റൊരു പ്രശ്നം. കാലത്തിന് അനുസരിച്ചു മറ്റു രംഗങ്ങളിലുണ്ടായ മാറ്റം നോക്കുമ്പോൾ കൃഷി നിന്നിടത്തു നിൽക്കുകയാണ്. ഈ പ്രശ്നങ്ങൾ പരിഹരിക്കാൻ ഞങ്ങൾക്കു കഴിയുന്നതു ഞങ്ങൾ ചെയ്യുന്നു.

*?. താങ്കളുടെ പ്രസ്ഥാനം കരാർകൃഷി നടത്തുന്നുണ്ട്. എന്നാൽ ഈ ആശയം രാജ്യത്തു പരക്കെ എതിർക്കപ്പെടുന്നു.*

• കരാർകൃഷിയുടെ മറവിൽ കൃഷിഭൂമി സ്വന്തമാക്കാനും കർഷകനെ ചൂഷണം ചെയ്തു അന്യായ ലാഭമുണ്ടാക്കാനും കമ്പനികൾ ശ്രമിക്കുമ്പോഴാണു പ്രശ്നം. ഞങ്ങളുടെ കരാർ കർഷകർ അവരുടെ സ്വന്തം ഭൂമിയിൽ കൃഷി ചെയ്യുന്നു. അവർക്കുള്ള വിത്തും സാങ്കേതികവിദ്യയും ഉപദേശ നിർദ്ദേശങ്ങളും ഞങ്ങൾ നൽകുന്നു. വിളവെടുപ്പു വേളയിൽ മാർക്കറ്റുവില മുൻകൂർ പറഞ്ഞുറപ്പിച്ച വിലയേക്കാളും കൂടുന്ന പക്ഷം കൂടിയ വിലയാണു ഞങ്ങൾ കൊടുക്കുക. മാർക്കറ്റുവില കുറഞ്ഞാലോ മുൻകൂർ പറഞ്ഞ വിലയും. അതിനാൽ ഞങ്ങളുടെ കർഷകർ സംതൃപ്തരാണ്.

*?. കർഷകർക്കു വേണ്ടി താങ്കൾ ഇന്നു കാണുന്ന സ്വപ്നം.*

ഊർജപ്രതിസന്ധിയുടെ നാളുകളാണ് ഇനി വരുന്നത്. കർഷകനെ അതിൽ നിന്നു രക്ഷിക്കാനും അവനു കുറഞ്ഞ ചെലവിൽ ഊർജമെത്തിക്കാനുമുള്ള മാർഗമാണ് ഇപ്പോഴെൻെറ സ്വപ്നം. പമ്പും മറ്റു ജലസേചന സംവിധാനങ്ങളും കാർഷിക യന്ത്രങ്ങളും ഉപകരണങ്ങളും സൗരോർജം കൊണ്ടു പ്രവർത്തിപ്പിക്കുക എന്ന ലക്ഷ്യമാണെൻെറ ചിന്തയിലും പ്രവൃത്തിയിലും.

ഇന്ത്യയിലെ കൃഷിയിടങ്ങളിൽ പകുതിയിലും ഇന്നും മഴയെ ആശ്രയിച്ചാണു കൃഷി. അവിടെയും ജലസേചന സംവിധാനം നടപ്പാക്കി മഴയുടെ കനിവു കാത്തിരിക്കുന്ന കർഷകരെ രക്ഷിക്കുക എന്നത് എൻെറ അത്യന്തിക ലക്ഷ്യമാണ്. എൻെറ ജീവിതത്തിലെ ഇനിയുള്ള ഓരോ നിമിഷവും ആ ലക്ഷ്യസാക്ഷാത്കാരത്തിനായി സമർപ്പിക്കുകയാണ്.

അദ്ദേഹത്തിൻെറ പിന്നിൽ അണിനിരന്നത്.

എൺപതുകളിൽ ജലസേചനത്തിനുള്ള പിവിസി പൈപ്പുകളുടെ നിർമ്മാണത്തിലേക്കു കടന്നു. ഇത്തരം പൈപ്പുകൾ ഉപയോഗിച്ചാൽ ചോർച്ചയും ബാഷ്പീകരണവും കൊണ്ടുള്ള ജലനഷ്ടം ഗണ്യമായി കുറയുമെന്നു കർഷകരെ ബോധവൽക്കരിച്ചുകൊണ്ടാണ് തൻെറ ഉൽപന്നം അദ്ദേഹം വിപണിയിലിറക്കിയത്. ഈ സമീപനം വൻവിജയമായി. ഓരോ ഉൽപന്നവും സാങ്കേതിക വിദ്യയും വിപണിയിലിറക്കുന്നതിനു മുമ്പ് ഉപഭോക്താക്കളെ അതിൻെറ മെച്ചത്തെയും ഉപയോഗരീതിയെയും കുറിച്ചു ബോധവാന്മാരാക്കുന്ന രീതി ജെയിൻഗ്രൂപ്പ് ഇന്നും തുടരുന്നു.

കുറച്ചു വെള്ളം ഉപയോഗിച്ചു കൂടുതൽ വിളവ് എന്ന ആശയം നടപ്പാക്കാനുള്ള ശ്രമങ്ങളാണ് ജെയിനിനെ സൂക്ഷ്മ ജലസേചനത്തിൻെറ ലോകത്തിലേക്ക് ആകർഷിച്ചത്. എൺപതുകളിൽ സൂക്ഷ്മ ജലസേചന സംവിധാനങ്ങൾ ഇന്ത്യയിൽ നിലവിൽ വന്നിരുന്നെങ്കിലും കർഷകർക്കിടയിൽ പ്രചരിച്ചില്ല. സാങ്കേതിക വിദ്യ സങ്കീർണമായിരുന്നതും വിൽപനാനന്തര സേവനത്തിൻെറ അപര്യാപ്തയുമായിരുന്നു കാരണം. കേന്ദ്ര, സംസ്ഥാന സർക്കാരുകൾ ആകർഷകമായ സബ്സിഡി നൽകിയിട്ടും കാര്യമായ മാറ്റമുണ്ടായില്ല.

ഇക്കാലത്ത്, 1985ൽ കാലിഫോർണിയയിലെ ഫ്രെസ്നോയിൽ നടന്ന ഒരു കാർഷിക മേളയിൽ ഭവർലാൽ ഒരു തുള്ളിനന സംവിധാനം കാണുന്നു. അതിൽ ആകൃഷ്നായ അദ്ദേഹം താമസിയാതെ ഓസ്ട്രേലിയയിൽ നിന്ന് അതിൻെറ സാങ്കേതിക വിദ്യ സംഘടിപ്പിച്ചു. 1988-89ൽ മഹാരാഷ്ട്രയിൽ ആകെ 400ഹെക്ടറിലും ഇന്ത്യയിലാകെ ഏതാണ്ട് 600ഹെക്ടറിലുമാണ് സൂക്ഷ്മ നന സംവിധാനമുണ്ടായിരുന്നത്. എന്നാൽ 1988ൽ ജെയിൻ ഇറിഗേഷൻ രംഗത്തിറങ്ങിയതോടെ ചിത്രം മാറി.

പതിവുപോലെ ഉൽപന്നങ്ങൾ വിപണിയിലെത്തുന്നതിനൊപ്പം വ്യാപകമായ ബോധവൽക്കരണവും പ്രചരണ പ്രവർത്തനങ്ങളും അരങ്ങേറി. കാർഷിക മേളകൾ, പരിശീലനക്യാമ്പുകൾ, പ്രദർശന ത്തോട്ടങ്ങൾ എന്നിവ സംഘടിപ്പിച്ച് കർഷകരെ മാത്രമല്ല, ജനപ്രതിനിധികളയും ഭരണാധികാരികളെയും സാമൂഹിക പ്രവ ർത്തകരെയുമൊക്കെ ഇതിൽ പങ്കാളികളാക്കി. കൃഷിയിടങ്ങളിൽ കമ്പനി നേരിട്ടു ജലവിതരണ സംവിധാനമൊരുക്കിക്കൊടുത്തു. അനന്തര സേവനങ്ങളും യഥാസമയം നൽകിയതോടെ 2008 ആയപ്പോഴേക്കും 15,00,000 ഹെക്ടറിലാണ് സൂക്ഷ്മനന സംവിധാനം നടപ്പായത്. പ്രതിവർഷം 1.2 ലക്ഷം ഹെക്ടറിൽ കമ്പനിയുടെ സംവി



# കരാർകൃഷി: നേട്ടം ഇരുകൂട്ടർക്കും

*വെളുത്തുള്ളിയുടെ കരാർകൃഷിപ്പാടത്ത് ജെയിൻ ഇറിഗേഷൻസ് നിയോഗിച്ച കാർഷിക വിദഗ്ധർ പരിശോധന നടത്തുന്നു*

ജൽഗാവിൽ നിന്ന് 15കിലോമീറ്റർ അകലെ ദാപ്പോറ ഗ്രാമത്തിലെ അനന്ത മഹാതേയും കൂട്ടുകാരും അഞ്ചു വർഷമായി ജെയിൻ ഇറിഗേഷൻ സിസ്റ്റവുമായി കരാറിലേർപ്പെട്ട് ഉള്ളിക്കൃഷി ചെയ്തുവരുന്നു. രണ്ടേക്കറിൽ വെളുത്തുള്ളി കൃഷി ചെയ്യുന്ന അനന്ത മഹാതേയ്ക്ക് കഴിഞ്ഞ അഞ്ചു വർഷത്തിനകം ഉള്ളിക്കൃഷിയിൽ നിന്ന് 1,62,000രൂപ ലാഭം കിട്ടി. ഒക്ടോബർ-നവംബറിൽ തുടങ്ങി മാർച്ചിൽ വിളവെടുക്കുന്ന ഉള്ളിക്കൃഷിയിൽ നിന്ന് ഒരു സീസണിൽ ഏക്കറിന് 15000 രൂപയോളം ലാഭം കിട്ടുന്നുവെന്നാണ് മഹാതെയുടെയും കൂട്ടുകാരായ പങ്കജ് നാംദേവിൻെറയും നീലേഷിൻെറയുമൊക്കെ കണക്ക്.


**ഓരോ സീസണിലും വിലയെക്കുറിച്ചു മുൻകൂർ ധാരണയുണ്ടാക്കും. കിലോഗ്രാമിനു മൂന്നു രൂപയാണു നിലവിലുള്ള വാഗ്ദാനം. എന്നാൽ പൊതുവിപണിയിൽ വില ഇതിലും കൂടിയാൽ മാർക്കറ്റു വില തന്നെ നൽകും**

നാലര മാസം കൊണ്ട വിളയുന്ന ഉള്ളിക്കു ശേഷം ആറരമാസം കൊണ്ടു വിളവെടുക്കാവുന്ന പരുത്തി കൃഷി ചെയ്യുകയാണ് ഇവരുടെ പതിവ്. ഉള്ളി മാത്രമാണു കരാർ കൃഷിയിലുള്ളത്. ഗവൺമെൻറ് സബ്സിഡിയോടെ ഇവരുടെ കൃഷിയിടങ്ങളിലെല്ലാം തന്നെ ജെയിൻ ഇറിഗേഷൻസ് ഡ്രിപ് സംവിധാനം ഒരുക്കിയിരിക്കുന്നു.

വാക്കാലുള്ള കരാറല്ലാതെ രേഖാമൂലമുള്ള ഇടപാടൊന്നുമില്ല. വിശ്വാസമാണ് ഇടപാടിൻെറ കാതലെന്ന് ജെയിൻ ഇറിഗേഷൻസിൻെറ പി.ആർ.ഒ വിനോദ് റാപ്തതോർ പറയുന്നു. കരാർ പ്രകാരം കർഷകർക്കു വിത്തും നടീൽവസ്തുക്കളും നൽകുന്നു. അതിൻെറ വിലയുടെ ഒരു ഭാഗം അപ്പോൾ വാങ്ങും. കൃഷിയുടെ ഓരോ ഘട്ടത്തിലും വിദഗ്ധരുടെ ഉപദേശ നിർധാനം നടപ്പായി വരുന്നു. മഹാരാഷ്ട്രയിൽ ജൽഗാവിലെ വാഴത്തോട്ടങ്ങളിലും നാസിക്കിലെ മുന്തിരിത്തോപ്പുകളിലും സോളാപ്പൂരിലെ മാതളനാരകത്തോട്ടങ്ങളിലും ഏതാണ്ടു പൂർണമായി തുള്ളിനന സംവിധാനമാണ്. വിദർഭയിലെ പച്ചക്കറിത്തോട്ടങ്ങളും മറാത്ത്വാഡയിലെ പരുത്തിക്കൃഷിയിടങ്ങളും പടിഞ്ഞാറൻ മഹാരാഷ്ട്രയിലെ കരിമ്പിൻപാടങ്ങളും ഇതേവഴിക്കു നീങ്ങുന്നു.

ജെയിൻഗ്രൂപ്പ് അറിയപ്പെടുന്നത് ജലസേചന സംവിധാനങ്ങളുടെ പേരിലാണെങ്കിലും വാഴയുടെ ടിഷ്യുകൾച്ചർ തൈ ഉൽപാദനം, പഴം-പച്ചക്കറി സംസ്കരണ വ്യവസായം, കാർഷിക വിജ്ഞാന വ്യാപന-പരിശീലനം തുടങ്ങിയ രംഗങ്ങളിലും വൻ നേട്ടമാണു കൈവരിച്ചിട്ടുള്ളത്. കർഷക സമൂഹത്തിനു ചെയ്യുന്ന സേവനങ്ങളും വ്യവസായരംഗത്തെ നേട്ടങ്ങളും പരിഗണിച്ച് ഗ്രാമീൺ വികാസ് പ്രതിഷ്ഠാൻ അവാർഡും പത്മശ്രീയുമടക്കം നിരവധി ദേശീയ പുരസ്കാരങ്ങളും ധാരാളം രാജ്യാന്തര അംഗീകാരങ്ങളും ജെയിൻഗ്രൂപ്പ് സ്ഥാപകൻ ഭവർലാൽ ജെയിനിനെ തേടിയെത്തി. അഞ്ചു കാർഷിക സർവകലാശാലകൾ അദ്ദേഹത്തിനു ഡോക്ടർ ഓഫ് സയൻസ് ബഹുമതിയും സമ്മാനിച്ചിട്ടുണ്ട്.

ജോലിയാണു ജീവിതമെന്നു വിശ്വസിക്കുന്ന ഭവർലാൽ നാലര പതിറ്റാണ്ടു നീളുന്ന അധ്വാന സപര്യയുടെ സായാഹ്നത്തിലും ദിവസവും ഉഷാറോടെ ഓഫീസിലെത്തുന്നു. സ്വപ്നങ്ങൾ സഫലമാക്കാനുള്ള അക്ഷീണയത്നത്തിൽ മക്കളായ അജിത്, അനിൽ, അശോക്, അതുൽ എന്നിവരും അദ്ദേഹത്തിനൊപ്പമുണ്ട്.



*ഉള്ളിക്കു കരാർകൃഷി*

ദ്ദേശങ്ങൾ നൽകുന്നതാണു പിന്നീടുള്ള സേവനം. ആഴ്ചയിലൊരിക്കൽ ഇതിനായി വിദഗ്ധർ കൃഷിയിടങ്ങൾ സന്ദർശിക്കുന്നു. ഈ കർഷകർക്കു യഥാകാലം ജൽഗാവിലെ ഹൈടെക് കേന്ദ്രത്തിൽ പുതിയ സാങ്കേതിക വിദ്യകളിൽ പരിശീലനവും നൽകാറുണ്ട്.

ഓരോ സീസണിലും വിലയെക്കുറിച്ചു മുൻകൂർ ധാരണയുണ്ടാക്കും. കിലോഗ്രാമിനു മൂന്നു രൂപയാണു നിലവിലുള്ള വാഗ്ദാനം. എന്നാൽ പൊതുവിപണിയിൽ വില ഇതിലും കൂടിയാൽ മാർക്കറ്റു വില തന്നെ നൽകും. മാർക്കറ്റു വില കുറഞ്ഞാലോ, മൂന്നു രൂപയും നൽകും. കർഷകർക്ക് ഒരു വിധത്തിലും നഷ്ടം വരാത്ത വിധമാണു കരാറെന്നു സാരം. വേറെയുമുണ്ടു കർഷകർക്കു മെച്ചം. ശരാശരി വലിപ്പമുള്ള ഉൽപന്നം മാത്രമേ പൊതുവിപണിയിൽ വ്യാപാരികൾ വാങ്ങുകയുള്ളു. വലിപ്പം കുറഞ്ഞവയും കൂടിയവയും മാത്രമല്ല, ഇരട്ടഉള്ളിയും അവർ തിരഞ്ഞുമാറ്റും. എന്നാൽ സംസ്കരണത്തിനുള്ളതായതിനാൽ എല്ലാത്തരം ഉൽപന്നവും ജെയിൻ എടുക്കുന്നു. വില കൊടുക്കുമ്പോൾ വിത്തിന്റെ വിലയിൽ ശേഷിക്കുന്നത് ഈടാക്കും. ഒരു സീസണിൽ ഒരേക്കറിലേക്ക് 15000രൂപയോളം ചെലവാകും. ഏതാണ്ട് അത്രയും തന്നെ ലാഭവും കിട്ടുന്നതിനാൽ കർഷകർ സന്തുഷ്ടരാണ്.

ജൽഗാവിൽ നിന്ന് 20കിലോമീറ്റർ ചുറ്റളവിലായി നാലു ഗ്രാമങ്ങളിലെ അമ്പതോളം കർഷകർ ജെയിൻ ഇറിഗേഷൻസുമായി കരാർകൃഷിയിലേർപ്പെട്ടിരിക്കുന്നു. സംസ്കരണ പ്ലാൻറിലേക്കാണ് ഈ ഉൽപന്നമത്രയും പോകുന്നത്.

ജെയിൻ ഇറിഗേഷൻസ് ഉള്ളിയുടെ കരാർകൃഷി തുടങ്ങുന്നത് 2002ലാണ്. സംസ്കരണശാലകൾക്കു സമീപമുള്ള സ്ഥലങ്ങളാണ് ഇതിനായി തിരഞ്ഞെടുത്തിട്ടുള്ളത്. നിലവിൽ ആയിരത്തോളം കരാർ കർഷകരുണ്ട്. ഗവൺമെൻറു പദ്ധതികൾ പ്രകാരം ഇവരുടെ കൃഷിയിടങ്ങളിൽ സൂക്ഷ്മ നന സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിനൊപ്പം ഈ കർഷകർക്കു ബാങ്കുകളിൽ നിന്നു വായ്പ ലഭ്യമാക്കുകയും ചെയ്യുന്നു ജെയിൻ.



*ഹൈ-ടെക് ഇൻസ്റ്റിറ്റ്യൂട്ടിൽ പഠന-പരിശീലനം*

## വിജ്ഞാനവ്യാപനവും പരിശീലനവും

ജെയിൻ ഇറിഗേഷൻസ് ആസ്ഥാനത്തുള്ള ഹൈടെക് അഗ്രി ഇൻസ്റ്റിറ്റ്യൂട്ടിൽ തണ്ണീർതട(വാട്ടർഷെഡ്) സംരക്ഷണവും മഴവെള്ള സംഭരണവും മുതൽ ജൈവകൃഷി വരെയുള്ള വിഷയങ്ങളിൽ ബോധവൽക്കരണവും പരിശീലനവും നൽകുന്നു. കർഷകർ, ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ, വിജ്ഞാനവ്യാപന പ്രവർത്തകർ, കാർഷിക വിദ്യാർത്ഥികൾ, സന്നദ്ധ സംഘടനാ പ്രവർത്തകർ എന്നിവർക്കാണ് പരിശീലനം നൽകുക. ഒരേസമയം നൂറോളം പേർക്കു താമസ സൗകര്യം ഉണ്ടായിരിക്കും.

ഒന്ന്, മൂന്ന്, അഞ്ച്, 15ദിവസങ്ങൾ നീളുന്ന പരിശീലന പരിപാടികളാണുള്ളത്. ജെയിൻഗ്രൂപ്പിന്റെ സ്വന്തം തോട്ടങ്ങളിലും സ്ഥാപനങ്ങളിലും കരാർകർഷകരുടെ കൃഷിയിടങ്ങളിലും സന്ദർശനവും നടത്താം. വർഷംതോറും വിവിധ സംസ്ഥാനങ്ങളിൽ നിന്നു കർഷകരടക്കം ഇരുപതിനായിരത്തോളം പേരാണ് ഇവിടെ പഠന, പരിശീലനങ്ങൾക്കെത്തുന്നത്.

പ്രധാന പഠന വിഷയങ്ങൾ: മഴവെള്ള സംരക്ഷണം, പാഴ്നില വികസനം, ജലവിനിയോഗം, സൂക്ഷ്മ നനസംവിധാനങ്ങൾ സ്ഥാപിക്കൽ, പ്രവർത്തിപ്പിക്കൽ, കേടുപാടു നീക്കൽ, ഫെർട്ടിഗേഷൻ, നനക്രമം, ഹരിതഗൃഹം ഒരുക്കൽ, തണൽവല സ്ഥാപിക്കൽ, കേടുപാടുനീക്കൽ, ഈ സംവിധാനത്തിലെ കൃഷിരീതികൾ, ജൈവകൃഷി, ജൈവവള- കീടനാശിനി നിർമ്മാണവും പ്രയോഗവും.

### കൺസൽട്ടൻസി

വാട്ടർ സപ്ളൈ, ഇറിഗേഷൻ, സൂക്ഷ്മ ജലസേചനം, പാഴ്നിലം കൃഷിക്കു യോഗ്യമാക്കൽ, തണ്ണീർതട വികസനം എന്നിവ സംബന്ധിച്ച പദ്ധതികൾ ആസൂത്രണം ചെയ്തു നടപ്പാക്കുന്നു. ഇത്തരം പദ്ധതികൾക്ക് ഉപദേശ, നിർദ്ദേശങ്ങൾ നൽകുന്നു. ഇവ സംബന്ധിച്ച ഗവേഷണത്തിലും പരിശീലനത്തിലും നിർവഹണത്തിലും സഹായം നൽകുന്നു.

## മാലിന്യമെല്ലാം ജൈവവളം

പൂർണമായും മാലിന്യരഹിതമാണ് ഒട്ടേറെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്ന ജെയിൻ ഹിൽസ് കാമ്പസ്. കൃഷിയിടങ്ങളിലെ വിളാവശിഷ്ടങ്ങൾ, ഭക്ഷ്യസംസ്കരണ ശാലയിലെ അവശിഷ്ടങ്ങൾ തുടങ്ങി ജെയിൻ ഹിൽസ് സമുച്ചയത്തിലെ സകല ജൈവാവശിഷ്ടങ്ങളും ഇവിടെത്തന്നെ മണ്ണിരക്കമ്പോസ്റ്റാക്കി മാറ്റുകയാണ്. ദിനംപ്രതി 300 ടൺ ജൈവാവശിഷ്ടമാണ് ജെയിൻ ഹിൽസ് വളപ്പിൽ ഉണ്ടാകുന്നത്. 50മീറ്റർ നീളവും 15മീറ്റർ വീതിയുമുള്ള 77ഷെഡുകളിലായി ഇതു കമ്പോസ്റ്റാക്കപ്പെടുന്നു. 150ടൺ വളമാണ് പ്രതിദിന ഉൽപാദനം. പശുവും പോത്തും കാളയുമായി 150 മാടുകളെയും ഇവിടെ വളർത്തുന്നുണ്ട്. ഇവയുടെ ചാണകവും വളമായി ഉപയോഗിക്കുന്നു. ചാണകത്തിൽ നിന്നും ജൈവാവശിഷ്ടങ്ങളിൽ നിന്നും ബയോഗ്യാസും ഉൽപാദിപ്പിക്കുന്നുണ്ട്. കാമ്പസിനോടു ചേർന്നുള്ള വിദ്യാലയത്തിലെ പാചകം പൂർണമായും നടത്തുന്നത് ഈ ബയോഗ്യാസ് ഉപയോഗിച്ചാണ്



# ജെയിൻ ഹിൽസിൽ നിന്നു ടിഷ്യുകൾച്ചർ വാഴകൾ


*ജൽഗാവിലെ ഗ്രാൻറ്നെയിൻ വാഴത്തോട്ടം*

**വാഴയുടെയും ഉള്ളിയുടെയും ഒന്നേമുക്കാൽ കോടിയോളം ടിഷ്യുകൾച്ചർ തൈകളാണ് ഓരോ വർഷവും ജെയിൻ ഇറിഗേഷൻസിൻെറ പരീക്ഷണശാലയിൽ ഉൽപാദിപ്പിക്കുന്നത്**

**വാ**ഴയാണ് ജൽഗാവു മേഖലയിലെ പ്രധാനവിള. ഉത്തരരേന്ത്യയിലേക്കു വേണ്ട വാഴപ്പഴത്തിൽ നല്ല പങ്കും പോകുന്നതു ജൽഗാവിൽ നിന്നാണ്. പരമ്പരാഗത ഇനങ്ങളും കൃഷി ചെയ്യുന്നുണ്ടെങ്കിലും ഗ്രാൻറ് നെയിൻ ഇനത്തിനാണ് ഇപ്പോൾ പ്രാമുഖ്യം. ജെയിൻ ഇറിഗേഷൻസിൻെറ ടിഷ്യു കൾച്ചർ തൈകളാണു നല്ല പങ്കു കർഷകരും ഉപയോഗിച്ചുവരുന്നത്. മിക്ക കൃഷിയിടങ്ങളിലും തുള്ളിനന( ഡ്രിപ്) സംവിധാനവുമുണ്ട്.

ഗ്രാൻറ് നെയിൻ കായ ക്വിൻറലിനു 400രൂപ വില കിട്ടുമെന്ന് യുവകർഷകനായ നീലേഷ്. മൂന്നു നാലു കുലയുണ്ടെങ്കിൽ ഒരു ക്വിൻറലായി. ഏക്കറിൽ 1800 വാഴയാണു വയ്ക്കുക. ഏക്കറിന് 180000രൂപയോളം വരുമാനമുണ്ടാകും. ഇതിൽ 80000രൂപയോളം ലാഭമാണെന്നു നീലേഷിൻെറ കണക്ക്. പരമ്പരാഗത ഇനമായ ശ്രീമന്ദിയും കൃഷി ചെയ്യുന്നുണ്ട്. എന്നാൽഇതു വിളവെടുക്കാൻ രണ്ടു വർഷത്തോളം വേണം. പരീക്ഷണശാലയിലും ഹരിതഗൃഹത്തിലും മറ്റുമായി വളർത്തി പാകമാക്കിയ ടിഷ്യു കൾച്ചർ തൈകൾക്കു കൃഷിയിടത്തിൽ 12 മാസം മതി.

ഗ്രാൻറ് നെയിൻ ടിഷ്യുകൾച്ചർ വാഴയുടെ കുലയ്ക്ക് 28-30കിലോഗ്രാം തൂക്കം വരും. എന്നാൽ പരമ്പരാഗത ഇനത്തിൻെറ കുലയ്ക്കു പരമാവധി 15കിലോഗ്രാമേ തൂക്കം കിട്ടുകയുള്ളു. വാഴയുടെയും ഉള്ളിയുടെയും ഒന്നേമുക്കാൽ കോടിയോളം ടിഷ്യുകൾച്ചർ തൈകളാണ് ഓരോ വർഷവും ജെയിൻ ഇറിഗേഷൻസിൻെറ പരീക്ഷണശാലയിൽ ഉൽപാദിപ്പിക്കുന്നത്. ഉള്ളിയുടെ നടീൽ വസ്തുക്കൾ സ്വന്തം ഫാമിലേക്കും കരാർകൃഷിക്കാർക്കും വേണ്ടി മാ





*ടിഷ്യുകൾച്ചർ ലബോറട്ടറി*



# പഴം–പച്ചക്കറി ഉൽപന്നങ്ങൾ കയറ്റുമതിക്ക്

ഉൽപന്ന സംസ്കരണവും മൂല്യവർധനയും വഴി കൂടുതൽ വില നേടുകയെന്ന പാഠം കർഷകരെ പഠിപ്പിക്കുകയെന്ന ലക്ഷ്യത്തോടെയാണ് കാർഷികോൽപന്ന സംസ്കരണ വ്യവസായത്തിലേക്കു ഭവർലാൻ ജെയിൻ കടക്കുന്നത്. വെളുത്തുള്ളിയും പച്ചക്കറിയും ജലാംശം നീക്കിയും മൂല്യവർധിത ഉൽപന്നങ്ങളാക്കിയും അമേരിക്ക, ഇംഗ്ലണ്ട്, ഫ്രാൻസ്, ജർമ്മനി, ഓസ്ട്രേലിയ, ന്യൂസിലാൻഡ് തുടങ്ങിയ രാജ്യങ്ങളിലേക്കു കയറ്റുമതി ചെയ്യുന്നതാണ് ഒരു സംരംഭം. പ്രതിവർഷം 22000ടൺ ഉൽപന്നങ്ങളാണ് ഇങ്ങനെ സംസ്കരിച്ചു കയറ്റുമതി ചെയ്യുന്നത്. കരാർകൃഷിയിലൂടെയാണ് ഇതിനുള്ള പച്ചക്കറിയും ഉള്ളിയും ഉൽപാദിപ്പിക്കുന്നത്. 150കോടി രൂപയാണ് ഈ സംരംഭങ്ങൾക്കുള്ള മുതൽമുടക്ക്.



*പഴം-പച്ചക്കറി ഉൽപന്നങ്ങൾ*

കമ്പനി നിയോഗിക്കുന്ന വിദഗ്ധരുടെ ഉപദേശനിർദ്ദേശങ്ങളനുസരിച്ചു കൃഷി ചെയ്തുണ്ടാക്കിയ ഉൽപന്നങ്ങൾ സംസ്കരണശാലയിലെത്തിച്ച് കർശന പരിശോധനയിലൂടെ തിരഞ്ഞെടുത്തവ പല ഘട്ടങ്ങളിലൂടെ സംസ്കരിച്ചു പലതരം ഉൽപന്നങ്ങളാക്കി ഫാംഫ്രെഷ് എന്ന വ്യാപാരനാമത്തിലാണു വിപണിയിലിറക്കുന്നത്. അടിസ്ഥാന കാർഷികോൽപന്നത്തിൻെറ നിറവും മണവും രുചിയും പോഷകഗുണവും അതേപടി നിലനിർത്തുന്നവയും ഏറെ നാൾ സൂക്ഷിക്കാവുന്നവയുമാണ് ഈ ഉൽപന്നങ്ങൾ. സൂപ്പ്, ഡ്രൈമിക്സ്ചറുകൾ, പിസ, സോസ് എന്നിവ നിർമ്മിക്കുന്ന രാജ്യാന്തര സ്ഥാപനങ്ങളാണ് ഇവയുടെ ഉപഭോക്താക്കൾ.

തണുപ്പിച്ച പഴങ്ങൾ, പഴങ്ങളുടെ പൾപ്പുകൾ, കോൺസൻട്രേറ്റുകൾ എന്നിവയുടെ ഉൽപാദനവും കയറ്റുമതിയുമാണ് സംസ്കരണ വ്യവസായ രംഗത്തെ മറ്റൊരു സംരംഭം. സ്വന്തം തോട്ടങ്ങളിൽ വിളയുന്ന മാങ്ങ, വാഴപ്പഴം, പപ്പായ, പേരയ്ക്ക, മാതളനാരകം, കസ്റ്റാർഡ് ആപ്പിൾ, തക്കാളി എന്നിവയുടെ സംസ്കരണവും മൂല്യവർധനയുമാണ് ഇവിടെ നടക്കുന്നത്. തണുപ്പിച്ച പഴങ്ങൾ 1000 ടണും പഴങ്ങളുടെ പൾപ്പുകൾ, കോൺസൻട്രേറ്റുകൾ എന്നിവ 61,158 ടണുമാണു പ്രതിവർഷ ഉൽപാദനം. വിളഞ്ഞുപാകമായ പഴങ്ങളിൽ നിന്നു തിരഞ്ഞെടുത്തവ കഴുകി തൊലി നീക്കിയും അരിഞ്ഞു കഷണങ്ങളാക്കിയും പായ്ക്കു ചെയ്ത് -20ഡിഗ്രി സെൽഷ്യസിൽ സൂക്ഷിക്കുന്നതാണു ഫ്രോസൻ ഫ്രൂട്ട്സ്.



*ഈർപ്പം നീക്കിയ ഉള്ളി*

പഴങ്ങളുടെ സത്തും രസവും പൾപ്പും കോൺസൻട്രേറ്റും രാസവസ്തുക്കളോ മറ്റു സംരംക്ഷകങ്ങളോ ചേർക്കാതെ ആധുനിക പായ്ക്കിങ് സംവിധാനത്തിൽ അടിസ്ഥാന ഉൽപന്നത്തിൻെറ നിറവും മണവും രുചിയും പോഷകഗുണവും അതേപടി നിലനിർത്തുന്നവയാണ്. ജ്യൂസ്, നെക്ടർ, ലഹരിപാനീയങ്ങൾ, ലഘുപാനീയങ്ങൾ, ഐസ്ക്രീം എന്നിവയുടെ നിർമ്മാതാക്കളായ രാജ്യാന്തര കുത്തകകളാണു പ്രധാന ഉപഭോക്താക്കൾ.

---

ത്രമാണെങ്കിൽ വാഴത്തൈകൾ കൃഷിക്കാർക്കു വിൽപനയ്ക്കാണ്. ഗ്രാൻഡ് നെയിൻ ഇനമാണ് ഉൽപാദനത്തിൽ നല്ല പങ്കും. ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിൽ നിന്നു ഡിമാൻറു വന്നതോടെ നേന്ത്രൻ, ഞാലിപ്പൂവൻ ഇനങ്ങളും ഉൽപാദിപ്പിക്കുന്നുണ്ട്. ഒരു വാഴക്കന്നിനു 11രൂപയാണു വില.

രോഗവിമുക്തവും ഒരേ വലിപ്പവും തൂക്കവുമുള്ള കുലകൾ ഉൽപാദിപ്പിക്കുന്നവയുമാണ് ഈ ടിഷ്യുകൾച്ചർ വാഴകൾ. ടിഷ്യു കൾച്ചർ വാഴക്കന്നിനു അടിക്കടി ഡിമാൻറു കൂടുകയാണെന്ന് ഈ വിഭാഗത്തിൻെറ മാനേജർ അനിൽ ബി. പാട്ടീൽ പറയുന്നു. 1994-95ൽ 45000 കന്നുകളാണ് ഉൽപാദിപ്പിച്ചതെങ്കിൽ 2003ൽ അതു 33.50ലക്ഷമായി. ഇപ്പോൾ പ്രതിവർഷം ഒരു കോടിയോളം തൈകളാണ് ഉൽപാദിപ്പിക്കുന്നത്. കർശന പരിശോധനകൾക്കു ശേഷം രോഗവിമുക്തമെന്ന് ഉറപ്പാക്കി പരീക്ഷണശാലയിൽ നിന്നു പുറത്തിറക്കുന്ന തൈകൾ ഹരിതഗൃഹത്തിലും തണൽവലകൾക്കു കീഴിലും വളർത്തി പാകമാക്കിയതിനു ശേഷമാണു കർഷകർക്കു നൽകുന്നത്.

ഹരിതഗൃഹങ്ങൾക്കുള്ള ഘടകങ്ങളും തണൽവലകളും ജെയിൻ ഇറിഗേഷൻസിൻെറ ഉൽപന്നങ്ങളിൽപെടുന്നു. കൂടാതെ, ആവശ്യമനുസരിച്ച് ഈ സംവിധാനങ്ങൾ ഒരുക്കിക്കൊടുക്കുകയും ചെയ്യും.

## വിദ്യാലയത്തിലും കൃഷി

'അനുഭൂതി' എന്ന പേരിൽ രാജ്യാന്തര നിലവാരത്തിലുള്ള ഒരു വിദ്യാലയവും ജെയിൻ ഹിൽസിൽ പ്രവർത്തിക്കുന്നു. ഏതു രംഗത്തും നേതാക്കളാകാൻ പോകുന്നവരെ വാർത്തെടുക്കാനാണ് താൻ ഈ വിദ്യാലയം സ്ഥാപിച്ചതെന്ന് ഭവർലാൽ ജെയിൻ പറയുന്നു. സിലബസ് പഠിപ്പിക്കുന്നതിനൊപ്പം സമഗ്ര വ്യക്തിത്വ വികസനത്തിനുള്ള സകല സൗകര്യവും സ്കൂളിൽ ഒരുക്കിയിട്ടുണ്ട്. കലാപരവും സാഹിത്യപരവുമായ വാസനകൾ വികസിപ്പിക്കുന്നതിനുള്ള പരിശീലനത്തിനൊപ്പം കുട്ടികൾക്കു കൃഷിയിലും പരിശീലനം നൽകുന്നുവെന്നത് ഈ വിദ്യാലയത്തെ വ്യത്യസ്തമാക്കുന്നു. മറ്റേതൊരു തൊഴിലും പോലെ കൃഷിയും അഭിമാനകരവും ആദായകരവുമാണെന്ന ബോധം കുട്ടികളിലുണ്ടാക്കുകയാണു ലക്ഷ്യം. സ്കൂൾ കാമ്പസിൽ കുട്ടികളെക്കൊണ്ടു കൃഷി ചെയ്യിക്കുന്നുമുണ്ട്.